15 YEARS OF CELEBRATING THE MAHATMA

**വളരെ അടിയന്തിരം**

**ഭരണഭാഷ – മാതൃഭാഷ**

എൽ.ആർ. (ബി2)- 22358/19(2)

ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയം
പബ്ലിക് ഓഫീസ് ബിൽഡിംഗ്സ്
മ്യൂസിയം ജംഗ്ഷൻ, തിരുവനന്തപുരം
ഇ-മെയിൽ : lrbclrtvm@gmail.com, clrb2clerk@gmail.com
ഫോൺ : 0470-2321229, 854761002
തീയതി : 28/05/2019

കമ്മീഷണർ
ലാൻഡ് റവന്യൂ
തിരുവനന്തപുരം

**എല്ലാ അർത്ഥനാധികാരികളുടെയും വകുപ്പ് മേധാവികൾക്ക്**

സർ,

വിഷയം : ആർ.ആർ ഓൺലൈൻ – ശരിയായ ശീർഷകം ആർ.ആർ ഓൺലൈൻ വെബ്സൈറ്റിൽ ഉൾപ്പെടാത്തതുമൂലം റവന്യൂ റിക്കവറി പ്രകാരം ലഭിക്കുന്ന തുക ഇ-പെയ്മെന്റ് വഴി സ്വീകരിക്കുവാൻ കഴിയാത്തത് – അതാത് വകുപ്പുമായി ബന്ധപ്പെട്ട വിവിധ ഇനങ്ങൾക്കുള്ള ശരിയായ ശീർഷകം ആർ.ആർ ഓൺലൈൻ വെബ്സൈറ്റിൽ ഉൾപ്പെടുത്തുന്നതിന് വെബ്സൈറ്റിൽ ക്രമീകരണം ഏർപ്പെടുത്തി വകുപ്പ് മേധാവികൾക്ക് നിർദ്ദേശം – സംബന്ധിച്ച്.

സൂചന : 1) 27.02.2019 ലെ 80967/എച്ച്3/2015/റവ നമ്പർ സർക്കുലർ.
2) ഈ കാര്യാലയത്തിൽ നിന്നുള്ള 21.03.2019 ലെ എൽ. ആർ(ബി2)-9973/19 നമ്പർ കത്ത്.

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ആർ.ആർ നടപടികളിലെ കാലതാമസം ഒഴിവാക്കുന്നതിന്റെ ഭാഗമായി 01.01.2017 മുതൽ ആർ.ആർ ഓൺലൈൻ സോഫ്റ്റ് വെയർ നടപ്പിലാക്കുകയും, തുടർന്ന് റവന്യൂ റിക്കവറി പ്രകാരം പിരിവ് വരുന്ന കുടിശ്ശിക തുക ഇ-പെയ്മെന്റ് വഴി സ്വീകരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുകയും ചെയ്തിരുന്നു. എന്നാൽ ശരിയായ ശീർഷകം ആർ.ആർ ഓൺലൈൻ വെബ്സൈറ്റിൽ ഉൾപ്പെടാത്തതുമൂലം റവന്യൂ റിക്കവറി പ്രകാരം ലഭിക്കുന്ന തുക ഇ-പെയ്മെന്റ് വഴി സ്വീകരിക്കുവാൻ കഴിയാതെ വന്നതിന്റെ അടിസ്ഥാനത്തിൽ അതാത് വകുപ്പുമായി ബന്ധപ്പെട്ട വിവിധ ഇനങ്ങൾക്കുള്ള ശരിയായ ശീർഷകം ആർ.ആർ ഓൺലൈൻ വെബ്സൈറ്റിൽ ഉൾപ്പെടുത്തുന്നതിന് വകുപ്പ് മേധാവികൾക്ക് നിർദ്ദേശം നൽകികൊണ്ട് സർക്കാർ സൂചന(1) സർക്കുലർ പുറപ്പെടുവിക്കുകയും, പ്രസ്തുത സർക്കുലറിലെ നിർദ്ദേശം എല്ലാ വകുപ്പുമേധാവികളും പാലക്കുന്നതിനായി സർക്കുലറിന്റെ പകർപ്പ് സൂചന(2) കത്തിനൊപ്പം ഉള്ളടക്കം ചെയ്ത് അയച്ചു തരികയും ചെയ്തിട്ടുള്ളതാണ്. എന്നിട്ടും ശരിയായ ശീർഷകം ആർ.ആർ ഓൺലൈൻ ഉൾപ്പെടുത്തി കാണുന്നില്ല. ഈ സാഹചര്യത്തിൽ റവന്യൂ ഇ-പെയ്മെന്റ് വഴി കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിനായി അർത്ഥനാധികാരികളുടെ മേലധികാരികൾ താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

- അർത്ഥനാധികാരികളായ എല്ലാ സർക്കാർ വകുപ്പുകളും (Government Departments) അതാത് വകുപ്പുമായി ബന്ധപ്പെട്ട വിവിധ കുടിശ്ശിക ഇനങ്ങളും, അവയുടെ ശരിയായ ശീർഷകവും (Head of Accounts) ഉൾപ്പെടുത്തുന്നതിനും, കേരളാ റവന്യൂ റിക്കവറി നിയമം വകുപ്പ് 71 പ്രകാരം നോട്ടിഫൈ ചെയ്തിട്ടുള്ള ബാങ്കിംഗ് ഇതര സ്ഥാപനങ്ങൾ കുടിശ്ശിക തുക അടവു വരുത്തേണ്ട Bank Account Number, IFSC Code എന്നിവ ഉൾപ്പെടുത്തുന്നതിനും ആർ.ആർ ഓൺലൈൻ (rr.kerala.gov.in) വെബ്സൈറ്റിൽ ആവശ്യമായ ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ട്. ആയത് അർത്ഥനാധികാരികളുടെയും, നോഡൽ ഓഫീ

സർമാരുടെയും ലോഗിനുകളിൽ ലഭ്യമാണ്. ഇപ്രകാരം വിവരങ്ങൾ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച e-Payment Process ലെ ക്രമീകരണങ്ങൾ rr.kerala.gov.in ലെ Home Page ൽ ലഭ്യമാണ്.

- അർത്ഥനാധികാരികളായ എല്ലാ സർക്കാർ വകുപ്പുകളും (Government Departments) ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്ന e-Payment Process ലെ ക്രമ നമ്പർ (1) പ്രകാരമുള്ള നടപടികൾ അതാത് വകുപ്പ് മേധാവികൾ നിശ്ചയിച്ചിട്ടുള്ള നോഡൽ ഓഫീസർമാർ നിർവഹിക്കേണ്ടതാണ്.
- കേരളാ റവന്യൂ റിക്കവറി നിയമം വകുപ്പ് 71 പ്രകാരം നോട്ടിഫൈ ചെയ്തിട്ടുള്ള ബാങ്കിംഗ് ഇതര സ്ഥാപനങ്ങൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്ന e-Payment Process ലെ ക്രമ നമ്പർ (2) പ്രകാരമുള്ള നടപടികൾ അതാത് Approving Authority കൾ നിർവഹിക്കേണ്ടതാണ്. ക്രമ നമ്പർ (3) പ്രകാരമുള്ള നടപടികൾ പ്രസ്തുത സ്ഥാപനത്തിന്റെ നോഡൽ ഓഫീസർമാർ Second Level Verification നും നിർവഹിക്കേണ്ടതാണ്.
- **മേൽ സൂചിപ്പിച്ച പ്രകാരം ശീർഷകവും (Head of Accounts), Bank Account Number, IFSC Code എന്നിവ ആർ.ആർ ഓൺലൈൻ പോർട്ടലിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ 30.06.2019 നകം പൂർത്തീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം അതാത് വകുപ്പുകൾ / സ്ഥാപനങ്ങളുടെ അർത്ഥനകളിൻമേൽ (Requisition) നടപടികൾ നിർത്തി വയ്ക്കേണ്ട സാഹചര്യം സംജാതമാകുമെന്ന വിവരം അറിയിക്കുന്നു.**

വിശ്വസ്തതയോടെ

**അസിസ്റ്റന്റ് കമ്മീഷണർ (എൽ.ആർ)**
**കമ്മീഷണർക്കുവേണ്ടി**

പകർപ്പ് : 1) എല്ലാ ജില്ലാ കളക്ടർമാർക്കും (അതാത് ജില്ലകളിലെ വിവിധ അർത്ഥനാധികാരികൾക്ക് നിർദ്ദേശം നൽകുന്നതിന്)
2) സ്റ്റേറ്റ് എൻ.ഐ.സി, തിരുവനന്തപുരം
(ആർ.ആർ ഓൺലൈൻ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

# Cashless RR Collection (e-Payment Process)

As part of implementing cashless recovery process, it is planned to enable village offices to help defaulters to electronically transfer due amounts to Requisitioning Authority's Head of Account/ Bank Accounts. RA must update and verify the Head of Account / Bank Accounts details for receiving collection amount against the dues raised by them.

## 1) Head of Accounts Verification (For Govt. Departments) :

**RR Nodal Officer** for Govt. Departments may update Head of Accounts against Nature of Dues available in RROnline.

Responsible User: **RA Nodal Officer**
Menu option: **Head of Account Verification** (For Govt. Departments)



Head of Accounts Verification (For Govt. Departments)

Head of Account Update Form

Sector: Government Departments
Department: Revenue Department
Due Nature: Building Cess
Major Head: 0035
Sub-Major Head: 00
Minor Head: 101
Detailed Head: 98
Object Head:
Verified
Save Cancel

## 2) Bank Account Verification (For Non Govt. Non Banking Departments):

**a) Approving Authority** of each offices may update Bank Account details to which the Recovery Amount may be credited by Village Offices.

Responsible User: **Approving Authority**
Menu option: **Bank Account Verification**



Revenue Recovery - Bank Account Verification

Account Details Update Form

IFSC Code: SBIN0007203 [Press Tab to continue]
Bank: STATE BANK OF INDIA
Branch: ALTHARA JUNCTION
Account Number
Verified
Save

**b)** State level **RA Nodal Officer** of these Approving Authority offices must do a second level verification and approve these Bank Account Details.

Responsible User: **RA Nodal Officer**
Menu option: **Bank Account Approval**

3) **Loan Account (For Banking Sector):**

Banks Branches are already updating Loan Account No. while filing Form 24 (New Requisition). **Requisitions already filed by branches may be verified for correctness of Loan Account No.**

Any discrepancy found may be informed to Land Revenue Commissionerate or NIC (**lrbclrtvm@gmail.com, clrb2clerk@gmail.com, rr.kerala@gov.in**) at the earliest.

**Note:**

Head of Accounts / Bank Account Verification may be done accurately and with much importance. Collection amount will be credited to the verified account heads/ bank accounts directly. **Neither CLR nor NIC will be responsible for wrong account details updations.**